"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മേലുകാവ് സി.എം.എസ് ഹൈസ്കൂളിലെ ശ്രീ ജെയ്സൺ വർഗ്ഗീസ് -ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3100/2026/GEDN തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. സി.എം.എസ് സ്കൂൾ കോർപ്പറേറ്റ് മാനേജരുടെ 01.08.2024 തീയതിയിലെ അപ്പീൽ ഹർജി.
2. പാല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DEOPLA/265/2025-B4 നമ്പർ റിപ്പോർട്ട്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.05.2025 തീയതിയിലെ ഇറ്റി2/3260/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

മേലുകാവ് സി.എം.എസ് ഹൈസ്കൂളിലെ ശ്രീ ജെയ്സൺ വർഗ്ഗീസ്-ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ടി സ്കൂൾ മാനേജർ പരാമർശം (1) പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. സി എം എസ് കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി, സി എസ് ഐ ഈസ്റ്റ് കേരള ഡയോസിസ് -ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ ഇരുമാപ്രമറ്റം എം ഡി സി എം എസ് എച്ച് എസ് -ൽ 01.03.2017 മുതൽ എഫ് ടി എം തസ്തികയിൽ അംഗീകൃത ജീവനക്കാരനായ ശ്രീ ജെയ്സൺ വർഗീസ് -നെ 01.08.2019 ൽ ഇതേ മാനേജ്മെന്റിന് കീഴിലുള്ള മേലുകാവ് സി എം എസ് എച്ച് എസ് എസ് -ലേയ്ക്ക് സ്ഥലം മാറ്റം നൽകി മാനേജർ നിയമിച്ചു. ടിയാന് 01.02.2020 മുതൽ ഈരാറ്റുപേട്ട ഉപജില്ലയുടെ പരിധിയിൽ വരുന്ന ഇതേ മാനേജ്മെന്റിന് കീഴിലുള്ള ഇരുമാപ്ര സി എം എസ് യു പി എസ് -ൽ ഉണ്ടായ ഓഫീസ് അറ്റൻഡന്റ് -ന്റെ പ്രമോഷൻ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. എന്നാൽ മാതൃ ജീവനക്കാരനായ ചാർലി സെബാസ്റ്റ്യന്റെ മേലുകാവ് സി എം എസ് എച്ച് എസ് ലെ ക്ലർക്ക് ആയുള്ള 01.02.2020 മുതലുള്ള പ്രമോഷൻ നിയമനത്തിന് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താൽ ശ്രീ ജെയ്സൺ വർഗീസിന്റെ നിയമനം ഈരാറ്റുപേട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടില്ല.

3. 2019-20 അധ്യയന വർഷം മതിയായ കുട്ടികൾ ഇല്ലാത്ത സാഹചര്യത്തിൽ ഇരുമപ്ര സി.എം.എസ്. യു.പി. സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് ആയി 06.06.2019 മുതലുള്ള ശ്രീ ചാർലി സെബാസ്റ്റ്യന്റെ നിയമനവും, തസ്തിക നിർണയവും പുന:ക്രമീകരിക്കുന്നതിനായി ഈരാറ്റുപേട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ തടസ്സവാദം നിലനിൽക്കുന്നതായി ഈരാറ്റുപേട്ട ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർ അറിയിച്ചതിനാലും ശ്രീ ചാർലി സെബാസ്റ്റ്യന്റെ പ്രൊമോഷൻ നിയമനവുമായി ബന്ധപ്പെട്ട സീനിയർ ആയ Rule-43 ക്ലൈമെന്റ് ശ്രീ ജെയ്സൻ വർഗീസിന്റെ പരാതി നിലവിൽ ഉള്ളതിനാലും ആണ് ശ്രീ ചാർലി സെബാസ്റ്റ്യന്റെ നിയമനം പാലാ ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചത്. കൂടാതെ ശ്രീ ചാർളി സെബാസ്റ്റ്യൻ മേലുകാവ് സി എം എസ് എച്ച് എസ് ലെ ക്ലർക്ക് തസ്തികയിൽ നിന്നും 01.02.2022-ൽ രാജി വച്ചതായി മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പാല ജില്ലാ വിദ്യാഭ്യാസ ആഫീസർ അറിയിച്ചിട്ടുണ്ട്.

4. ഇരുമപ്ര സി.എം.എസ്.യു.പി സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക പുനർനിർണ്ണയിച്ച് ഈരാറ്റുപേട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ ഉത്തരവ് പ്രകാരം ടി സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയി മാറുകയും ദിവസവേതനാടിസ്ഥാനത്തിൽ മാത്രം പുതിയതായി ജീവനക്കാരെ നിയമിക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

5. ഇരുമപ്ര സി.എം.എസ്.യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയുള്ള ശ്രീ ജെയ്സൺ വർഗീസിന്റെ നിയമനത്തിന് അംഗീകാരം ലഭിക്കാത്തതിനാൽ ടിയാനെ 01.02.2020 മുതൽ മുൻകാല പ്രാബല്യത്തോടെ മേലുകാവ് സി എം എസ് എച്ച് എസ് ലെ എഫ് ടി എം തസ്തികയിലേക്ക് മാനേജർ തിരികെ നിയമിച്ചു. 01.02.2020 മുതൽ 03.03.2021 വരെ എഫ് ടി എം ആയിട്ടും 04.03.2021 മുതൽ ടി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ടും മാനേജർ ശ്രീ ജെയ്സൺ വർഗീസിന്റെ ലാവണം ക്രമീകരിച്ച് ഉത്തരവ് നൽകി. ശ്രീ ജെയ്സൺ വർഗീസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC No 24292/2022 ന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് നം. എഫ് 2/11651/2022 തീയതി 22.11.2022 ലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ ലാവണ ക്രമീകരണ ഉത്തരവ് നൽകിയത്.

6. 01.02.2020 മുതൽ 03.03.2021 വരെ മേലുകാവ് സി എം എസ് സ്കൂളിലെ എഫ് ടി എം തസ്തികയിലേക്ക് മുൻകാലപ്രാബല്യത്തിൽ ശ്രീ ജെയ്സൺ വർഗീസിന്റെ ലാവണം ക്രമീകരിച്ചു കൊണ്ടുള്ള മാനേജരുടെ നടപടി, തസ്തികയും ഒഴിവും ലഭ്യമാണെന്ന് ഉറപ്പ് വരുത്തി, പാല ജില്ലാ വിദ്യാഭ്യാസ ആഫീസർ ടി ലാവണ ക്രമീകരണം സാധൂകരിച്ച് നൽകി. എന്നാൽ 04.03.2021 മുതൽ മേലുകാവ് സി എം എസ് ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് ലാവണം ക്രമീകരിച്ച മാനേജരുടെ നടപടി, ശ്രീ ജെയ്സൺ വർഗീസിന്റെ ഓഫീസ് അറ്റൻഡന്റ് ആയുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ സാധൂകരിച്ച് നൽകിയിട്ടില്ല എന്ന് പാല ജില്ലാ വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ ജെയ്സൺ വർഗീസ് -നെ 04.03.2021 മുതൽ പൂർവ്വ കാല പ്രാബല്യത്തോടെ മേലുകാവ് സി.എം.സ് എച്ച്.എസ്.എസ് -ൽ ഒഎ ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ടുള്ള മാനേജരുടെ നിയമനാംഗീകാര ശിപാർശ പരിശോധിച്ച പാലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൂർവ്വകാല പ്രാബല്യത്തോടെ നിയമിക്കുന്നതിനുള്ള വിദ്യഭ്യാസ വകുപ്പിന്റെ ഉത്തരവുകളോ, അനുമതിയോ ഉൾക്കൊള്ളിച്ചിട്ടില്ല. ടിയാന്റെ FTM നിയമനത്തിൽ ടിയാൻ ഡിഗ്രി നേടിയ ആളാണെന്നു ഉന്നയിച്ച പരാതിയിന്മേൽ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. കാലതാമസത്തിനു ഇളവ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് സമർപ്പിച്ചിട്ടില്ല. അപ്പോയിന്റിയുടെ declaration, അഫിഡവിറ്റ് ഇവയിൽ തീയതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു; ടിയാന് ഡിഗ്രി ഇല്ലായെന്ന മാനേജർ സാക്ഷ്യപ്പെടുത്തിയ declaration സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ടി നിയമനം നിരസിച്ചു നല്കിയിട്ടുള്ളതാണ്.

7. നിയമനം നിരസിച്ചതിനെതിരെ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലും, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും മാനേജർ അപ്പീൽ അപേക്ഷകൾ സമർപ്പിച്ചിരുന്നു.

നിയമിതൻ ബിരുദധാരിയായതിനാലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ബിരുദധാരിയാകരുത് എന്ന സർക്കാർ ഉത്തരവ് നിലനിക്കുന്നതിനാലും നിയമന പ്രപ്പോസൽ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കാലതാമസം നേരിട്ടത് മാപ്പാക്കികൊണ്ടുള്ള ഉത്തരവ് സമ്പാദിച്ചിട്ടില്ല എന്നതിനാലും പൊതു വിദ്യാഭ്യാസ ഡയറക്ടർ 12.07.2024 തീയതിയിലെ ഇറ്റി2/724245/2024 നം. പ്രകാരം നിരസിച്ച് ഉത്തരവ് നൽകിയിരുന്നു.

8. ശ്രീ ജയ്സൺ വർഗീസ് എഫ് ടി എം തസ്തികയിൽ നിയമനാംഗീകാരം നേടിയത് ഡിഗ്രി യോഗ്യതയുള്ള വിവരം മറച്ചു വച്ചാണ് എന്ന് കാണിച്ച് ശ്രീ ചാണ്ടി ശൗവ്വൽ എന്ന വ്യക്തി നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ ജെയ്സൺ വർഗീസ് 2000-2003 കാലയളവിൽ മേലുകാവ് ഹെന്റി ബേക്കർ കോളേജിലെ ബി എ ഹിസ്റ്ററി വിദ്യാർത്ഥി ആയിരുന്നെന്നും ടിയാന് നൽകിയ ടി സി യിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാൻ ഡിഗ്രി യോഗ്യത നേടിയിട്ടുണ്ടെന്നും ടി കോളേജ് പ്രിൻസിപ്പൽ പാല ജില്ലാ വിദ്യാഭ്യാസ ആഫീസറെ അറിയിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. എഫ് ടി എം നിയമനം ക്യാൻസൽ ചെയ്യുന്നതിനുള്ള വകുപ്പുതല നടപടികൾ തടയണമെന്നും ലാസ്റ്റ് ഗ്രേഡ് ജോലിയ്ക്ക് ബിരുദം പാടില്ല എന്നത് നടപ്പിലാക്കാൻ അനുവദിക്കരുതെന്നും ലോവർ സ്കെയിൽ ശമ്പളം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ ജെയ്സൺ വർഗീസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C)No 20302/2023 തീയതി 22.06.2023 ന്മേൽ, കേസിൽ പരാജയപ്പെട്ടാൽ തിരിച്ചടച്ചുകൊള്ളാം എന്ന വ്യവസ്ഥയിൽ ലോവർ സ്കെയിൽ ശമ്പളം നൽകുവാൻ ബഹു. കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ ജെയ്സൺ വർഗീസിന് 04.03.2021 മുതൽ ലോവർ സ്കെയിൽ സാലറി അനുവദിച്ചു നൽകിയിട്ടുണ്ടെന്നും നിലവിൽ ടി കേസ് പെന്റിംഗ് ആണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 04.06.2016 -ലെ സ.ഉ (സാധാ) നം. 12/2016/P&ARD പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ബിരുദധാരികൾ ആകരുത്. പ്രസ്തുത ഉത്തരവ് നിലവിൽ ഉള്ളതിനാൽ ഓഫീസ് അറ്റൻഡന്റ് ആയുള്ള ശ്രീ ജെയ്സൺ വർഗീസിന്റെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച്, അപ്രകാരം മാനേജർ സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, സി.എം.എസ്.സ്കൂൾസ്, സി.എസ്.ഐ. ഈസ്റ്റ് കേരള ഡയോസിസ്, മേലുകാവുമറ്റം പി.ഒ., കോട്ടയം-686 652

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലാ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/210/2024-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 07-05-2026 15:07:05

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.